കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.6/622/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയതി : 28.09.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരളശ്ശേരി ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1- ലെ 1-19, 1-20, 1-24, 1-25 എന്നീ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6 /622/2020 തീയതി: 28.09.2020

# കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 23.9.2018 മുതൽ 31.3.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ . എം . പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.7.2020 മുതൽ 17.7.2020വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി .സുമതി.ടി.ഒ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ധന്യ.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.പി.ബാലഗോപാലൻ | 01.04.18 മുതൽ 31.03.19വരെ |
| സെക്രട്ടറി | ശ്രീഅശോകൻ മലപ്പിലായി . | 01.04.18 മുതൽ 31.03.19വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്,കാലയളവ് ,

| ക്രമ നം | ഉദ്യോഗ പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീമതി.തുളസി ചെങ്ങാട്ട് | 1.4.2018 | 31.3.2019 |
| 2 | വെറ്ററിനറി സർജൻ | ശ്രീ.വിജയകുമാർ.ബി.സങ്കാൾ | 1.4.2018 | 23.4.2018 |
| | | ശ്രീ.റാം മോഹൻ ഷെട്ടി | 24.4.2018 | 31.3.2019 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.വിദ്യ എസ് നായർ | 1.4.2018 | 13.4.2018 FN |
| | | ഡോ.അജിത്ത് കുമാർ.സി | 13.4.2018AN | 1.6.2018 |
| | | ഡോ.ശ്വേത ബി റാം | 2.6.2018 | 31.3.2019 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ.ഹീര.ആർ | 1.4.2018 | 19.10.2018 |
| | | | 4.11.2018 | 31.3.2019 |
| | | ഡോ.ജഷി ദിനകരൻ | 26.10.2018 | 3.11.2018 |
| | | ഒഴിവ് | 20.10.2018 | 25.10.2018 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -മാവിലായി | ശ്രീമതി.ശ്രീലത.വി.എം | 1.4.2018 | 7.1.2019 |
| | | ഒഴിവ് | 8.1.2019 | 9.1.2019 |
| | | ശ്രീ.സിനൂപ്.സി.വി | 10.1.2019 | 31.3.2019 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-മക്രേരി | ശ്രീ.വിപിൻ.സി | 1.4.2018 | 7.1.2019 |
| | | ഒഴിവ് | 8.1.2019 | 13.1.2019 |
| | | ശ്രീ.റജി ുണോളി | 14.1.2019 | 23.1.2019FN |
| | | ശ്രീ.ബിപിൻ ചന്ദ്ര | 23.1.2019AN | 31.3.2019 |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.വിലാസിനി.കെ | 1.4.2018 | 1.6.2018 FN |
| | | ശ്രീമതി.സി.ജമീല | 1.6.2018AN | 31.3.2019 |
| 8 | അസിസ്റ്റൻറ് എഞ്ചിനിയർ | ശ്രീ.പ്രസാദ്.വി.വി | 1.4.2018 | 24.11.2018 FN |
| | | ശ്രീ.രാജീവൻ.ടി | 24.11.2018AN | 27.12.2018FN |
| | | | | |

| | | | | |
|---|---|---|---|---|
| | | ശ്രീ.ഗോകുൽ കൃഷ്ണൻ.കെ.ജി | 27.12.2018AN | 31.3.2019 |
| 9 | ഹെഡ് മാസ്റ്റർ | ശ്രീമതി.സുജന.കെ | 1.4.2018 | 31.5.2018 |
| | | ഒഴിവ് | 1.6.2018 | |
| | | ശ്രീ.ബാബു.വി.വി | 2.6.2018 | 18.9.2018FN |
| | | ശ്രീ.പ്രദീപൻ.എം.കെ | 18.9.2018AN | 31.3.2019 |
| 10 | അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ.സത്യൻ.കെ | 1.4.2018 | 4.5.2018 |
| | | ശ്രീമതി.ബിന്ദു.എം | 5.5.2018 | 26.6.2018 |
| | | ശ്രീമതി.റീന.എ.ടി | 27.6.2018 | 31.3.2019 |

ഉള്ളടക്കം


| ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| ക്രമനം | ഖണ്ഡിക നമ്പർ | വിവരണം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് നീക്കിയിരിപ്പ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകങ്ങൾ |
| 12 | 1-12 | വസ്തുനികുതി - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി ഈടാക്കിയതിൽ കുറവ് |
| 13 | 1-13 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ - അപാകങ്ങൾ |
| 14 | 1-14 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല |
| 15 | 1-15 | ഇ-ടെണ്ടർ : ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |

| | | |
|---|---|---|
| 16 | 1-16 | കാലി ബാരൽ തുക സഞ്ചിതനിധിയിൽ ഒടുക്കാത്തതും, കാലി ബാരൽ ജി.എസ്.ടി. തുക കിഴിവ് വരുത്തുകയോ, ഒടുക്കുകയോ ചെയ്യാത്തതും |
| 17 | 1-17 | തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഒടുക്കൽ- പ്രവർത്തനക്ഷമമായ വിളക്കുകൾക്ക് മാത്രമാണ് തുക ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. |
| 18 | 1-18 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കൽ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. |
| 19 | 1-19 | കന്നുകുട്ടി പരിപാലനം തുക നൽകിയത് -കൈപ്പറ്റ് രശീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 20 | 1-20 | അങ്കണവാടികളിൽ കുടിവെള്ള സൌകര്യം ലഭ്യമാക്കൽ- ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 21 | 1-21 | കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ ഫോറം വാങ്ങിക്കാതെ ജി എസ് ടി കോമ്പൻസേഷൻ ക്ലെയിം നൽകി- തുക 1,23,548 രൂപ തടസ്സപ്പെടുത്തുന്നു |
| 22 | 1-22 | വയോജനങ്ങളുടെ ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിക്കാതെ വിശ്രമ കേന്ദ്രം നിർമ്മാണം |
| 23 | 1-23 | മാലിന്യ സംസ്കരണം ഷ്രെഡിംഗ് , ബെയ് ലിംഗ് മെഷീൻ വാങ്ങൽ ഉപകരണം ലഭ്യമായിട്ടില്ല - 9,82,943 /- രൂപ തടസ്സപ്പെടുത്തുന്നു |
| 24 | 1-24 | സാന്ത്വനപരിചരണം-പദ്ധതി അപാകങ്ങൾ – 2400/- രൂപ തടസ്സപ്പെടുത്തുന്നു. |
| 25 | 1-25 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം |
| ഭാഗം - 2<br>വരവ്കണക്കുകളിൻമേലുള്ളഓഡിറ്റ് നിരീക്ഷണങ്ങൾ(ചാർജ്ജ് ചെയ്യാവുന്നവ)-ഇല്ല | | |
| ഭാഗം - 3<br>ചെലവ്കണക്കുകളിൻമേലുള്ളഓഡിറ്റ് നിരീക്ഷണങ്ങൾ(സർചാർജ്ജ് ചെയ്യാവുന്നവ)-ഇല്ല | | |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 27 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 28 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 29 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 30 | 4- 5 | വായ്പ / വായ്പാതിരിച്ചടവ് |
| | | |

| | | |
|---|---|---|
| 31 | 4-6 | സ്ഥിര നിക്ഷേപം |
| 32 | 4-7 | ഓഡിറ്റ് റിക്കവറി |
| 33 | 4-8 | സമാഹൃത ഓഡിറ്റ് |
| 34 | 4-9 | ചാർജ്ജ് സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക |
| 35 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| | | അനുബന്ധങ്ങൾ |
| 37 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 38 | അനുബന്ധം-2-1 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 39 | അനുബന്ധം-2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 40 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ബജറ്റ് ,പുതുക്കിയ ബജറ്റ് എന്നിവ യഥാക്രമം 28.3.2018 തീയതിയിലെ 73/18 നം, 8.2.2019-ലെ 36/2019 നമ്പർ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 81,97,179.00 | 1,20,82,300 |
| വരവ് | 20,81,95,650.00 | 15,28,76,047 |
| ആകെ | 21,63,92,829.00 | 16,49,58,347 |
| ചെലവ് | 21,18,02,170.00 | 15,85,04,742 |
| നീക്കിയിരിപ്പ് | 45,90,659.00 | 64,53,605 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| | | | |
| 31/7/2019 | 28.5.2019 | തിരിച്ചയച്ചിട്ടില്ല | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 76,90,067.75 |
| വരവ് | 6,79,45,490.00 |
| ആകെ | 7,56,35,557.75 |
| ചെലവ് | 6,03,01,121.75 |
| നീക്കിയിരിപ്പ് | 1,53,34,436.75 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സ് / നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,48,98,110 | 1,48,98,110 | 1,41,59,409 | 7,38,701 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16,36,000 | 16,36,000 | 16,36,000 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1,07,000 | 1,07,000 | 1,07,000 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 92,46,000 | 92,46,000 | 60,25,526 | 32,20,474 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 34,41,000 | 34,41,000 | 34,41,000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 69,20,000 | 69,20,000 | 49,01,757 | 20,18,243 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സാക്ഷരത | | | 65,439 | 65,439 | 65,439 | - |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | ഭരണ ചെലവ് | 2226 | 2,68,065 | 2,70,291 | 2,69,284 | 1,007 |
| | തൊഴിലാളികളുടെ കൂലി | | 1,61,34,000 | 1,61,34,000 | 1,61,34,000 | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 10,16,314 | 9,62,007 | 19,78,321 | 9,77,814 | 10,00,507 |
| ടി.എസ്.സി | | 1,15,000 | 4,40,000 | 5,55,000 | 0 | 5,55,000 |
| എം പി ഫണ്ട് | | 2,272 | 100 | 2,372 | 0 | 2,372 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്(നിമ്മൽ പുരസ്കാർ) | | 96,657 | 0 | 96,657 | 0 | 96657 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വം | | 20,42,720 | 1,80,000 | 22,22,720 | 17,96,394 | 4,26,326 |
| വിമുക്തി | | 17416 | 25,000 | 42,416 | 22128 | 20,288 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6,47,685 | 45,18,185 | 51,65,870 | 35,27,966 | 13,77,600 |
| | ജില്ലാ പഞ്ചായത്ത് | 0 | 12,11,230 | 12,11,230 | 10,81,230 | 1,30,000 |
| ബി ഫണ്ട് | | | 3,25,720 | 3,25,720 | 3,25,720 | - |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 6445345.75 | 78,41,587 | 1,42,86,932.75 | 64,66,265 | 7820667.75 |

ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 1,19,70,674 ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിനു മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് വിവരം ലഭ്യമായിട്ടില്ല. *വരവ് ,ചെലവ് സ്ഥാപനം ഹാജരാക്കിയ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | പദ്ധതി | നടപ്പാക്കിയത് | ഭാഗീകമായി | പദ്ധതി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | നടപ്പാക്കിയത് | ചെലവ് | ത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
| 154 | 7,07,34,087 | 115 | 5 | 4,72,71,861 | 39 | 71.42 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7768120 | 9 | 7473028 | 9 | 100 |
| വെറ്ററിനറി സർജൻ | 2373000 | 6 | 1943842 | 4 | 66.66 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | 1302700 | 8 | 874669 | 8 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | 9,50,000 | 3 | 9,49,996 | 3 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1,22,70,608 | 17 | 88,94,793 | 15 | 88.23 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 61,86,353 | 10 | 55,71,625 | 10 | 100 |
| സെക്രട്ടറി | 58,76,892 | 25 | 40,04,963 | 16 | 64 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 3,28,17,761 | 61 | 1,66,76,873 | 39 | 63.93 |
| ഹെഡ് മാസ്റ്റർ | 3,00,000 | 6 | 1,50,000 | 3 | 50 |
| അസിസ്റ്റൻറ് സെക്രട്ടറി | 8,88,653 | 9 | 7,32,072 | 8 | 88.88 |
| ആകെ | 7,07,34,087 | 154 | 4,72,71,861 | 115 | 74.67 |

<u>ആസൂത്രണസമിതി</u> 2018-19 വാർഷീക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി 5.12.2017 ൽ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ യോഗ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. 20.1.2018-ൽ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും സ്റ്റേക്ക് ഹോൾഡർമാരുടേയും, വർക്കിംഗ് ഗ്രൂപ്പുകളുടേയും, വികലാംഗരുടേയും, വയോജനങ്ങളുടേയും യോഗം ചേരാനായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പിന്നീട് യോഗങ്ങളൊന്നും കൂടിയിട്ടില്ല. 2019-20 വർഷത്തെ

വാർഷിക പദ്ധതിയ്ക്ക് വേണ്ടി 17.10.2018, യോഗം ചേർന്നിട്ടുണ്ട്. തുടർന്നുള്ള യോഗങ്ങളിൽ തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹാജർ രേഖപ്പെടുത്തിയിട്ടില്ല .

വർക്കിംഗ് ഗ്രൂപ്പ്

12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 30.12.2017-ന് പൊതുയോഗം ചേർന്ന് ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച നടത്തിയിട്ടുണ്ട്. 2019-20 വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കുന്നതിനും, ജൈവവൈവിധ്യം എന്ന പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുവാനും 29.9.2018-ന് കൂടിയ ഭരണസമിതിയോഗം തീരുമാനമെടുത്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതി രൂപീകരിച്ചതായി പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ മോണിറ്റർ ചെയ്യുന്നുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് .

വികസന സെമിനാർ

2018-19 വാർഷീക പദ്ധതിയുടെ ഭാഗമായി 27.2.2018 ന് വികസന സെമിനാർ നടത്തിയിട്ടുണ്ട്. ഇതിൽ 202 പേർ പങ്കെടുത്തിട്ടുണ്ട്.

ഗ്രാമ സഭ

മൂന്ന് തവണ വീതം ഗ്രാമ സഭകൾ കൂടിയിട്ടുണ്ട്. ക്വാറം തികയുന്നതിനാവശ്യമായ ജന പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. 3, 15, 17 വാർഡ് ഗ്രാമസഭകളിൽ എല്ലാ യോഗങ്ങളിലും 20%നടുത്ത് പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2226 | 2,68,065 | 2,70,291 | 2,69,284 | 1,007 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 1,61,34,000 | 1,61,34,000 | 1,61,34,000 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52,320 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 66,48,200 | 506 |
| വിധവാപെൻഷൻ | 1,25,10,400 | 1022 |
| വാർദ്ധക്യകാലപെൻഷൻ | 2,89,83,500 | 2462 |

| | | |
|---|---|---|
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 38,42,100 | 297 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 35,41,400 | 298 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.7.2020 തീയതിയിൽ 3.30 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,894 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

2018-19–ൽ പ്രതി മാസം സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. - ഓഫീസ് ഉത്തരവുകൾ കൃത്യമായി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ജീവനക്കാർക്ക് ജോലി വിഭജിച്ചുകൊണ്ടുള്ള സമഗ്ര ഉത്തരവ് ഈ വർഷം പുറപ്പെടുവിച്ചിട്ടില്ല . തപാലുകൾ സൂചിക സോഫ്റ്റ് വെയർ മുഖാന്തിരമാണ് നടപടികൾ എടുക്കുന്നത് .

ഇൻകുംബെൻസി രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും രജിസ്റ്ററിൽ എല്ലാ കോളങ്ങളും (നിയമിച്ച തീയതി, മുതലായവ) പൂരിപ്പിക്കുന്നില്ല . ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി സൂക്ഷിക്കുന്നുണ്ട്. സ്യൂട്ട് രജിസ്റ്റർ , വിവരാവകാശ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 13.2.2020 | 1/2020 | 7.3.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.10.2014 മുതൽ 18.10.2014 വരെ | 2009-10 മുതൽ 2013-14 വരെ | 21.11.2014 |

# 1-11 വാർഷിക കണക്കിലെ അപാകങ്ങൾ.

1.വാർഷിക ധനകാര്യപത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് ) ചട്ടങ്ങൾ 2011 ചട്ടം 62 ൽ നിർദ്ദേശിച്ച പ്രകാരം താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

a) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ് ) സംബന്ധിച്ച വിവരങ്ങൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

b)പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ

2.2018-19 ലെ വസ്തു നികുതി കണക്കിൽ സഞ്ചയ ഡി സി ബി പ്രകാരം 246971 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് ഇനത്തിൽ കാണിച്ചിട്ടുണ്ട്. ഈ തുക കൂടി കണക്കിലെടുത്താണ് തൻവർഷ

കലക്ഷൻ ശതമാനം കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഈ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല .

# 1-12 വസ്തുനികുതി - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി ഈടാക്കിയതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം-4 ഉപചട്ടം-1-ൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ 2018-19 വർഷം കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള ഒരേ ആളിന്റെ തന്നെ ഉടമസ്ഥതയിലുള്ള 200 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പർ നല്കി വ്യത്യസ്തനിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നം/കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|
| തെരുപറമ്പത്ത് കുട്ടിക്കൃഷ്ണൻ | 11/348 C | 51.55 | 4010<br>(നിരക്ക് @60, വർദ്ധനവ് 20%, സേവന ഉപനികുതി 3%, ലൈബ്രറി സെസ് 5%) |
| | 11/348 B | 71.55 | 8347<br>(നിരക്ക് @90, വർദ്ധനവ് 20%, സേവന ഉപനികുതി 3%, ലൈബ്രറി സെസ് 5% |
| | 11/348 A | 82.19 | 9588<br>(നിരക്ക്@90, വർദ്ധനവ് 20%, സേവന ഉപനികുതി 3%, ലൈബ്രറി സെസ് 5%) |

ഇപ്രകാരം വ്യത്യസ്തനിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -16,തീയതി 16.07.2020) മറുപടിയായി 11/348 C കെട്ടിടത്തിന്റെ നികുതി നിർണ്ണയ ഫോറത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം സെലക്ട് ചെയ്യുമ്പോൾ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നതിന് പകരം 200 ച.മീ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന് രേഖപ്പെടുത്തിപ്പോയതാണെന്നും ടി കെട്ടിടത്തിന്റെ വിവരം സോഫ്റ്റ്

വെയറിൽ റീസെറ്റ് ചെയ്യുന്നതിന് വേണ്ടി സാങ്കേതികവിഭാഗവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും ആയത് സോഫ്റ്റ് വെയറിൽ റിസെറ്റ് ചെയ്ത് ടി കെട്ടിട ഉടമയിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായ കെട്ടിടനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ - അപാകങ്ങൾ

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 06.02.2018 തീയതിയിലെ 10/18 നമ്പർ തീരുമാനം, 07.03.2018 ലെ 20/18 നമ്പർ തീരുമാനം, ഭരണസമിതിയുടെ 15.02.2018 തീയതിയിലെ 38/18 നമ്പർ തീരുമാനം, 09.03.2018 ലെ 56/18 നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 2018-19 വർഷം മുതൽ 58 പൊളിച്ചുമാറ്റിയ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സഞ്ചയ അപ്ലിക്കേഷനിൽ പരിശോധിച്ചതിൽ നിന്നും മേൽ കെട്ടിടങ്ങളെ 2017-18 വർഷം തന്നെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (2017-18 വർഷം നികുതി ഡിമാന്റ് 0 ആണ്). എന്നാൽ 2017-18 വർഷം മേൽ കെട്ടിടങ്ങളിൽ നിന്ന് നികുതി ഈടാക്കിയിട്ടുണ്ട്. നികുതി ഡിമാന്റ് ഇല്ലാതെ കളക്ഷൻ വന്നതിനാൽ ഈ തുക സഞ്ചയ പ്രകാരം നികുതി കഴിച്ച് അധികം തുകയാണ് (excess collection). 2018-19 വർഷം മുതൽ നികുതി ഒഴിവാക്കാൻ തീരുമാനിച്ച കെട്ടിടങ്ങൾക്ക് 2017-18 വർഷം മുതൽ തന്നെ നികുതി ഡിമാന്റ് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് (20/17.07.2020) മറുപടിയായി അപേക്ഷ സ്വീകരിച്ച് അടുത്ത ധനകാര്യ വർഷം മുതൽ ടി കെട്ടിടങ്ങളെ കെട്ടിടനികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഞ്ചയയിൽ നിന്ന് ഒഴിവാക്കുമ്പോൾ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ഓപ്ഷൻ മാത്രമേ ലഭ്യമാകുന്നുള്ളൂ എന്നും സഞ്ചയയിൽ അടുത്ത ധനകാര്യവർഷം മുതൽ കെട്ടിടത്തെ കെട്ടിടനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ഓപ്ഷൻ ലഭ്യമായാൽ മാത്രമേ ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ച പ്രകാരം നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകം പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്രകാരത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. പഞ്ചായത്തിൽ 2017-18 വർഷം എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത വ്യാപാരസ്ഥാപനങ്ങളുടെ എണ്ണം 452 ഉം 2018-19 വർഷം 498 ഉം ആണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡ്സ് ലിസ്റ്റ് പ്രകാരമുള്ള വ്യാപാരസ്ഥാപനങ്ങളുടെ എണ്ണം 416 ആണ്. ഇതിൽ നിന്നും ട്രേഡ്സ് ലിസ്റ്റ് കാലീകമാക്കുന്നില്ലെന്ന് വ്യക്തമാണ്. പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 ഇ-ടെണ്ടർ : ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

2018-19 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിലുള്ള തുക (69,826 രൂപ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല . തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കാലി ബാരൽ തുക സഞ്ചിതനിധിയിൽ ഒടുക്കാത്തതും, കാലിബാരൽ ജി.എസ്.ടി. തുക കിഴിവുവരുത്തുകയോ, ഒടുക്കുകയോ ചെയ്യാത്തതും

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ ടാർ ബാരലിന്റെ വിലയും കൂടാതെ കാലി ബാരൽ വിലയുടെ 18% ജി.എസ്.ടിയും Sale of Empties & Waste Materials എന്ന ഇനത്തിൽ ഉൾപ്പെടുത്തി ട്രഷറി അക്കൗണ്ടായ 719011400000155 ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. സർക്കുലർ നം. 59827/എഫ്.എം./07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ടാർ വീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടാർ ബാരലിന്റെ വില ബന്ധപ്പെട്ട കണക്കിനത്തിൽ ഒടുക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2018-19 വർഷത്തിൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിന്നും കാലിബാരൽ വിലയുടെ ജി.എസ്.ടി ഈടാക്കുകയോ സി.ജി.എസ്.ടി , എസ്.ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്കുകയോ ചെയ്തിട്ടില്ല.

പദ്ധതിയിൽ വകയിരുത്തിയ പ്ലാൻ ഫണ്ട് തുക , പ്രവൃത്തി പൂർത്തീകരിച്ച തുകയേക്കാൾ കുറവായതിനാൽ എല്ലാ കിഴിവുകളും വരുത്തുവാൻ കഴിഞ്ഞില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.4/09/07/2020) മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ തുക സെൻട്രൽ ജി.എസ്.ടി/ സ്റ്റേറ്റ് ജി.എസ്.ടി വകുപ്പിൽ ഒടുക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ടെലഫോൺ എക്സ്ചേഞ്ച് മുണ്ടല്ലൂർ വെസ്റ്റ് എൽ.പി സ്കൂൾ റോഡ് റീടാറിംഗ് | കൊല്ലനാണ്ടി മഠപ്പുര റോഡ് ടാറിംഗ് | കാഞ്ഞൂറതാഴ പുനത്ത് കണ്ടി മുക്ക് റോഡ് ടാറിംഗ് |
|---|---|---|---|
| പ്രോജക്ട് നം. | 135/19 | 123/19 | 121/19 |
| കരാറുകാരൻ | കെ.വി.പത്മരാജൻ | ബിനേഷ്.സി | എം.വി ജയരാജൻ |
| | | | |

| | | | |
|---|---|---|---|
| പ്രവൃത്തി മൂല്യം | 711805 | 283901 | 308140 |
| ബിൽ നം./ തീയ്യതി/ തുക | 4/23-05-2018 7,00,000 | 5/23-05-2018 2,80,000 | 7/24-05-2018 3,05,000 |
| ഒടുക്കേണ്ട കാലിബാരലിന്റെ ജി.എസ്.ടി | 1,200 | 386 | 300 |

## 1-17 തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഒടുക്കൽ:- പ്രവർത്തനക്ഷമമായ വിളക്കുകൾക്ക് മാത്രമാണ് തുക ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജിനത്തിൽ 2018– 19 സാമ്പത്തിക വർഷം താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൌച്ചർ നം./തീയ്യതി | തുക |
|---|---|
| 51800033/09/04/2018 | 88487 |
| 518000126/07/05/2018 | 88259 |
| 518000206/07/06/2018 | 88169 |
| 518000322/16/07/2018 | 86910 |
| 518000404/14/08/2018 | 86910 |
| 518000501/04/09/2018 | 88844 |
| 518000728/15/11/2018 | 89810 |
| 518001014/11/02/2019 | 86910 |
| 51801106/12/03/2019 | 86910 |
| ആകെ | 7,91,209 |

കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം, പഞ്ചായത്തിൽ നിലവിൽ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം എന്നിവ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 17/18-19 തീയതി 16.7.2020) മറുപടിയായി പെരളശ്ശേരി സെക്ഷൻ

918 എണ്ണം, ചക്കരക്കൽ സെക്ഷൻ 72 എണ്ണം, കാടാച്ചിറ സെക്ഷൻ 37 എണ്ണം എന്നിങ്ങനെ 1027 പ്രവർത്തന ക്ഷമമായ തെരുവ് വിളക്കുകളാണുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധനാ നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. സംയുക്ത പരിശോധനാ നടത്തി കത്തുന്ന വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ് ഒടുക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ, സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-18 പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കൽ - വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി 2018- 19 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 54,688 രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട് . എന്നാൽ ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റി വെള്ളക്കരം അടവിനത്തിൽ പഞ്ചായത്തിന് നൽകുന്ന ഡിമാന്റ് നോട്ടീസിൽ 1,35,133/- രൂപ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട് . സംയുക്ത പരിശോധന നടത്തിയതിന്റെ വിവരവും കുടിശ്ശികയുടെ നിജസ്ഥിതി സംബന്ധിച്ച വിവരവും ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/18-19/16-07-2020) പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിലേക്കായി നിരവധി തവണ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ഇതു വരെ തുടർ നടപടി ഉണ്ടായിട്ടില്ല എന്നാണ് അറിയിച്ചത്. വാട്ടർ അതോറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രമാണ് ചാർജ് ഒടുക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

<u>വെള്ളക്കരമിനത്തിൽ കുടിശ്ശിക സംബന്ധിച്ച്</u>

125 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 1,35,133 രൂപ കുടിശ്ശികയുണ്ട്. 2012 ആഗസ്റ്റ് മാസം മുതൽ 2013 ജൂലൈ മാസം വരെ കുടിശ്ശികയുണ്ടായിരുന്ന 12 മാസത്തെ കുടിശ്ശിക തുകയിനത്തിൽ 10 മാസത്തെ കുടിശ്ശിക 07/2013 ൽ അടച്ചിരുന്നു. അവശേഷിക്കുന്ന 2 മാസത്തെ കുടിശ്ശിക 30/07/2015 ൽ അടവാക്കിയിട്ടുണ്ട്. വെള്ളക്കരം യഥാസമയം അടക്കാത്തത് മൂലം പിഴയും പിഴപ്പലിശയും വർദ്ധിച്ചാണ് കുടിശ്ശിക ഡിമാന്റ് ആയ 1,35,133 രൂപയായതെന്നാണ് അറിയിച്ചത്. മുൻകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് പ്രതിമാസ വെള്ളക്കരം ഒടുക്കുന്നതിന് കാലതാമസമുണ്ടായത് എന്നറിയിച്ചിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക ഒടുക്കുവാനായി ₹11,890 രൂപയുടെ പ്രോജക്റ്റ് (നം.165/18-19) തയ്യാറാക്കിയിട്ടുണ്ട്. ₹11,890 മുകളിൽ പറഞ്ഞ കുടിശ്ശികയിൽ ക്രമപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും , കുടിശ്ശിക ഇല്ലെങ്കിൽ തുക തിരികെ ഈടാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-19 കന്നുകുട്ടി പരിപാലനം തുക നൽകിയത്

## -കൈപ്പറ്റ് രശീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലനം (11/18-19) എന്ന പ്രോജക്ടിനായി 3,12,500 രൂപ (2,50,000 രൂപ (തനത് ഫണ്ട്) + 62,500 (സംസ്ഥാനാവിഷ്കൃതവിഹിതം) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൈപ്പറ്റിയതിന്റെ രേഖ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/2018-19/08/07/2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രേഖ, പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കൽ- ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. /പേര് | 107/18-19, അങ്കണവാടികളിൽ കുടിവെള്ളസൌകര്യംലഭ്യമാക്കൽ |
| അടങ്കൽ | 1,87,130 (വികസനഫണ്ട്,ജനറൽ ) |
| ചെലവ് | 1,72,000/- 10/18-19/19-11-2018 |
| | 15,130/- 23/18-19/10-01-2019 |
| ആകെ | 1,87,130 /- |

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ 4 അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നല്കിയതാണ് മേൽ തുക. പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ/വിനിയോഗ

സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/18-19/15.7.2020) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം അനുവദിച്ച് കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-21 കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ ഫോറം വാങ്ങിക്കാതെ ജി എസ് ടി കോമ്പൻസേഷൻ ക്ലെയിം നൽകി- തുക 1,23,548/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ജി എസ് ടി കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം 2532/2018 ത സ്വ ഭ വ തീയതി 29.9.2018 പ്രകാരം കരാറുകാർക്ക് ജി എസ് ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണെന്നും ,ജി എസ് ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം ,ജി എസ് ടി നമ്പർ ഉൾപ്പെടുത്തി സെൽഫ് ഡിക്ലറേഷൻ ഫോറം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് .എന്നാൽ താഴെ പറയുന്ന കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ ഫോറം വാങ്ങിക്കാതെയാണ് കോമ്പൻസേഷൻ ക്ലെയിം നൽകിയത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെപേര് | കരാറുകാരൻ | കോമ്പൻസേഷൻ തുക | ബിൽ നം / ചെക്ക് നം<br>തീയതി / തുക |
|---|---|---|---|---|
| 1 | മുക്കിലെ പീടിക വെളുത്ത കുന്നത്ത് ക്ഷേത്രം റോഡ് റീടാറിംഗ് (77/19) | ശ്രീ.രമേശൻ.ഡി | 5,871 | 19/12.3.2019 2,01,542/- |
| 2 | പള്ളിയത്ത് പുത്തൻപുര കൈയ്യാലത്ത് താഴെ ഇ കെ നായനാർ റോഡ് ടാറിംഗ് (81/19) | സിനീഷ് .സി | 5,221 | 20/12.3.2019 -1,75,000/-<br>ചെക്ക് നം 5708852 – 1445/- 29.3.19 =1,79,253/- (ബാക്കി |

| | | | | |
|---|---|---|---|---|
| | | | | കാലി ബാരലിൽ നിന്നും ക്രമീകരിച്ചു) |
| 3 | ഹൈസ്കൂൾ ഗ്രൗണ്ട് റോഡ് റീടാറിംഗ് (111/19) | രമേശൻ .ഡി | 5,950 | 22/12.3.2019 2,04,254/- |
| 4 | ചെക്കിച്ചാൽ പറമ്പ് ബാവോട് യു പി സ്കൂൾ റോഡ് റീ ടാറിംഗ് (78/19) | രമേശൻ .ഡി | 9,080 | 23/21.3.19 – 3,10,000/-<br>ചെക്ക് നം 5708852 – 1,733/- 29.3.19 =3,11,733/- |
| 5 | അമ്പലം ഈസ്റ്റ് റോഡ് റീടാറിംഗ് (86/19) | ബിനീഷ്.സി | 12,695 | 24/21.3.2019 4,35,831/- |
| 6 | കിഴക്കേ പാലം മെട്ടമ്മൽ റോഡ് റീ ടാറിംഗ് (84/19) | പത്മരാജൻ | 12,771 | 29/21.3.2019 – 4,37,000/-<br>ചെക്ക് നം 5708852 – 1,441/- 29.3.19 =4,38,441/- |
| 7 | വടക്കുംമ്പാട് കടവ് റോഡ് റീടാറിംഗ് (83/19) | ബിനീഷ് .സി | 16,868 | 30/21.3.2019 – 5,65,000/-<br>ചെക്ക് നം 5708852 – 5,000/- 29.3.19 = 5,79,104/- (ബാക്കി കാലി ബാരലിൽ നിന്നും ക്രമീകരിച്ചു) |

| | | | | |
|---|---|---|---|---|
| 8 | കുടത്തുംകണ്ടി കുന്നുംമ്പ്രം ചാത്തോത്ത് താഴെ റോഡ് ടാറിംഗ് (72/19) | പത്മരാജൻ.കെ.വി | 12,364 | 31/21.3.2019 4,24,467/- |
| 9 | വരയിൽ ശ്രീ മുത്തപ്പൻ മഠപ്പുര റോഡ് ടാറിംഗ് (64/19) | പത്മരാജൻ.കെ.വി | 9933 | 32/21.3.2019 – 3,37,000/-<br>ചെക്ക് നം 5708852 – 4,007/- 29.3.19 =3,41,007/- |
| 10 | കൃഷി ഭവൻ മാമ്മൻ സ്മാരക റോഡ് റീടാറിംഗ് (80/19) | പത്മരാജൻ.കെ.വി | 3,847 | 33/21.3.2019 1,32,091/- |
| 11 | ഗുരിക്കൾ പറമ്പ്<br>ബാവോട് അങ്കൺവാടി റോഡ് ടാറിംഗ് (63/19) | പിക്കോസ് | 16,930 | 36/29.3.2019 – 5,60,000/-<br>ചെക്ക് നം 5708852 – 5,000/- 29.3.19 = 5,81,236/- (ഈ വർഷം മുഴുവൻ തുക നൽകിയിട്ടില്ല |
| 12 | ചന്ദ്രോത്ത് മുക്ക് മരത്തിച്ചേരി റോഡ് ടാറിംഗ് (76/19) | ബിനീഷ്.സി | 11,459 | 37/28.3.2019 3,93,409/- |
| 13 | കല്ല്യാറ വീട്ടിൽ താഴെ റോഡ് ടാറിംഗ് (74/19) | ബിനീഷ്.സി | 13,953 | 38/28.3.2019 – 4,75,000/-<br>ചെക്ക് നം 5708852 – 4,045/- |

| | | | | |
|---|---|---|---|---|
| | | | | 29.3.19 =4,79,045/- |
| 14 | മക്രേരി സ്റ്റേഡിയം അമ്പലച്ചിറ റോഡ് റീടാറിംഗ് (79/19) | രമേശൻ.ഡി | 2,842 | 39/29.3.2019 - 95,000/- ചെക്ക് നം 5708852 – 2,561/- 29.3.19 = 97,561/- |
| ആകെ | | | ₹1,23,548 | |

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി (നം. 13തീയ്യതി : 15.7.2020) ലഭ്യമാക്കിയിട്ടില്ല. അതിനാൽ തുക 1,23,548 രൂപ തടസ്സപ്പെടുത്തുന്നു. സെൽഫ് ഡിക്ലറേഷൻ ഫോറം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

# 1-22 വയോജനങ്ങളുടെ ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിക്കാതെ വിശ്രമ കേന്ദ്രം നിർമ്മാണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് | വയോജന വിശ്രമ കേന്ദ്രം |
| പ്രോജക്ട് നം | 105/19 |
| കരാറുകാരൻ | ഉമേഷ്.സി |
| കരാർ തീയതി | AE(P)/2/2018-19Dt 10.9.2018 |
| പ്രവൃത്തി മൂല്യം | ₹6,21,391 |
| ബിൽ നം &തീയതി | 35/21.3.2019 |

4-ാം വാർഡിലെ പിലാഞ്ഞി അങ്കണവാടിയുടെ മുകളിലാണ് വയോജന വിശ്രമ കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. ഇനം 51 ആയി, ചൈന പെഡസ്റ്റൽ ടൈപ്പ് വാട്ടർക്ലോസറ്റ് (യൂറോപ്യൻ ടൈപ്പ് W C pan) സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റിൽ 4,693 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ലോസറ്റ് സ്ഥാപിക്കാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 11/2018/ ത സ്വ ഭ വ തീയതി 29.1.2018 ഖ-6-5-2 ൽ വയോജനങ്ങൾക്ക് ശാരീരിക മാനസിക സാസ്കാരിക പിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും, മേൽ ഉത്തരവ് ഖ-6-5-7ൽ വൃദ്ധസദനത്തിന്റെ നടത്തിപ്പ് സംവിധാനം, ആവർത്തന ചെലവുകൾ

എങ്ങനെ കണ്ടെത്തും തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ വിശദമായ പദ്ധതി റിപ്പോർട്ട് കൂടി സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

അങ്കണവാടിയുടെ മുകളിൽ വിശ്രമ കേന്ദ്രം നിർമ്മിക്കാൻ ഇടയായതെങ്ങനെ എന്നും, വാട്ടർക്ലോസറ്റ് നിർമ്മിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം -14 തീയതി 15.7.2020) നാട്ടുകാരുടെ അപേക്ഷ പ്രകാരമാണ് ഇത്തരത്തിലൊരു പ്രോജക്ട് ഏറ്റെടുത്തതെന്നും സ്ഥല ലഭ്യത ഇല്ലാത്തതിനാലാണ് അങ്കണവാടിയുടെ മുകളിൽ നിർമ്മിച്ചതെന്നും അങ്കണവാടി ടീച്ചറുടെ അപേക്ഷപ്രകാരമാണ് ഏണിപ്പടിയുടെ അടിയിലായി കുട്ടികൾക്ക് കൂടി ഉപകാരപ്രദമാകുന്ന തരത്തിൽ ഇന്ത്യൻ വാട്ടർ ക്ലോസറ്റ് നിർമ്മിച്ചത് (ഈ പ്രോജക്ടിൽ ഉൾപ്പെട്ട ചെലവല്ല) എന്നുമാണ് മറുപടി നൽകിയത്. താഴത്തെ നിലയിൽ ഇന്ത്യൻ ക്ലോസറ്റ് നിർമ്മിച്ചത് ഏത് വർഷമാണെന്നോ, ഏത് പദ്ധതിയുടെ ഭാഗമായാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. എന്നാൽ 4 -ാം വാർഡ് ഗ്രാമസഭയിൽ പദ്ധതി രൂപീകരണ സമയത്തോ, സാമൂഹ്യക്ഷേമ കർമ്മസമിതിയിലോ വയോജന വിശ്രമ കേന്ദ്രത്തിന്റെ ആവശ്യകതയൊന്നും ചർച്ച ചെയ്തിട്ടില്ല.

കരാർ വച്ച് പണി നടന്നു കൊണ്ടിരിക്കുമ്പോഴാണ് 25.11.2018 ലെ ഗ്രാമസഭയിൽ വയോജന വിശ്രമ കേന്ദ്രത്തിന്റെ ആവശ്യകത രേഖപ്പെടുത്തി കാണുന്നത്.

വയോജനങ്ങൾക്ക് ശാരീരിക പ്രയാസമുണ്ടാകും വിധം ഒന്നാം നിലയിൽ വയോജന വിശ്രമ കേന്ദ്രം പണിയുകയും, താഴത്തെ നിലയിൽ ഇന്ത്യൻ വാട്ടർക്ലോസറ്റ് നിർമ്മിക്കുകയും ചെയ്തതിനാൽ വയോജനങ്ങൾക്ക് ഈ കേന്ദ്രം ഉപയോഗിക്കുവാൻ പ്രയാസകരമാണെന്നും ഓഡിറ്റിൽ വിലയിരുത്തുന്നു.

# 1-23 മാലിന്യ സംസ്ക്കരണം ഷ്രെഡിംഗ് , ബെയ് ലിംഗ് മെഷീൻ വാങ്ങൽ ഉപകരണം ലഭ്യമായിട്ടില്ല - 9,82,943 /- രൂപ തടസ്സപ്പെടുത്തുന്നു

| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പ്രോജക്ട് നം. /പേര് | 59/18-19, മാലിന്യ സംസ്കരണം ഷ്രെഡിംഗ്, ബെയ് ലിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | 9,82,943 /- |
| ചെലവ് | 10,410 /- 19/18-19/15-12-2018 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| | 9,72,533 /- 20/18-19/15-12-2018 (വികസന ഫണ്ട് ,ജനറൽ ) |

മാലിന്യ സംസ്കരണം എന്ന ലക്ഷ്യത്തോടെ ഷ്രെഡിംഗ് & ബെയ് ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കാൻ വേണ്ടി ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് വേണ്ടിയാണ് മേൽ തുക പിൻവലിച്ചത്. മെഷീനുകൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിനായി 23.11.18ൽ കമ്പനിയുമായുണ്ടാക്കിയ കരാർ പ്രകാരം മുഴുവൻ തുകയായ 9,82,943/- രൂപയും (ഇൻസ്റ്റലേഷൻ ചാർജടക്കം) കമ്പനിയുടെ അക്കൌണ്ടിലേക്ക് 15.12.2018 ൽ ട്രാൻസ്ഫർ ചെയ്തു. എന്നാൽ തുക കൈമാറി ഒന്നര വർഷമായിട്ടും ഉപകരണം ലഭ്യമായിട്ടില്ല. മെഷീനുകൾക്കാവശ്യമായ മുഴുവൻ തുകയും നൽകിയിട്ടും നാളിതു വരെയായി മെഷീനുകൾ ലഭ്യമാകാത്തതിന് കാരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/ 18-19 / 15/07/2020 ) ലഭ്യമാക്കിയ മറുപടിയിൽ ക്ലീൻ കേരള കമ്പനിക്ക് സപ്ലൈ ഓർഡർ നൽകിയ സമയത്തുള്ള കരാർ പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള മെഷീൻ ലഭ്യമല്ലെന്നും പുതിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള മെഷീൻ സപ്ലൈ ചെയ്യുന്നതിന് സാവകാശം വേണമെന്നും ആയതിനാലാണ് മെഷീൻ ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടത് എന്നുമാണ് അറിയിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കമ്പനിയുമായി സെക്രട്ടറി ചമച്ച കരാർ പ്രകാരം എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള (3 ഫേസ് ഇലക്ട്രിസിറ്റി കണക്ഷൻ, വെള്ളം തുടങ്ങിയവ) 1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി സ്ഥലം ഒരുക്കേണ്ടത് പഞ്ചായത്താണ്. എന്നാൽ പഞ്ചായത്ത് അത്തരമൊരു സൗകര്യമൊരുക്കിയിട്ടില്ല.

കരാറിലെ 5-ാം വ്യവസ്ഥയിൽ സപ്ലൈ ഓർഡർ നൽകി 90 ദിവസത്തിനകം മെഷീനുകൾ സ്ഥാപിക്കേണ്ടതാണെന്നും കമ്പനി ഉടമ്പടി വെച്ചിട്ടുണ്ട്. എന്നാൽ ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ് പദ്ധതി പൂർത്തീകരണത്തിന് തടസ്സമായത്.

തുക ചെലവഴിച്ച് ഒന്നര വർഷം കഴിഞ്ഞിട്ടും മെഷീനുകൾ ലഭ്യമാക്കാത്തതും പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്താത്തതും കാരണം ചെലവു തുകയായ 9,82,943/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കി ക്ലീൻ കേരള കമ്പനിയിൽ നിന്നും മെഷീനുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതും മെഷീനുകൾ സ്ഥാപിച്ച് പദ്ധതി കൊണ്ടുള്ള യഥാർത്ഥ ലക്ഷ്യം പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-24 സാന്ത്വനപരിചരണം- പദ്ധതി അപാകങ്ങൾ - 2400/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ- പിഎച്ച്സി

പ്രോജക്ട് നമ്പർ : 20/19

പ്രോജക്റ്റിന്റെ പേര് :സാന്ത്വനപരിചരണം

വകയിരുത്തിയ തുക : ₹400000 വികസന ഫണ്ട്

| | |
|---|---|
| | : ₹250000 തനത് ഫണ്ട് |
| | : ₹22400 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | : ₹20000 ജില്ലാപഞ്ചായത്ത് വിഹിതം |
| ആകെ | : ₹692400 |
| ചെലവ് തുക | : ₹400000 വികസന ഫണ്ട് |
| | : ₹130440 തനത് ഫണ്ട് |
| | : ₹22400 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | : ₹20000 ജില്ലാപഞ്ചായത്ത് വിഹിതം |
| ആകെ | : ₹572840 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. സ്വാന്തനപരിചരണത്തിനായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി ഡയറ്റീഷ്യനെ നിയമിച്ചിട്ടുണ്ട്. ഒരു മാസത്തേക്ക് 600/- രൂപ നിരക്കിൽ 4 മാസത്തേക്ക് 2400/- രൂപ (ചെക്ക് നം. 1480644 തീ.21.03.2019) ജില്ലാ പഞ്ചായത്ത് വിഹിത്തിൽ നിന്നും നൽകിയിട്ടുണ്ട്. സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീ. 14.2.18, സ.ഉ. (സാ ധ) 3217/2015/തസ്വഭവ, തീയതി 29.10.15 എന്നീ മാർഗ്ഗരേഖകളിൽ ഡയറ്റീഷന്റെ നിയമനം പരാമർശിച്ചിട്ടില്ല. ഡയറ്റീഷ്യന്റെ നിയമനം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (6/9.7.20) പ്രേജക്ടിന്റെ ഭാഗമായി നിർദ്ധനരായ കിടപ്പുരോഗികൾ, വൃക്കരോഗികൾ ,മറ്റ് അസുഖക്കാർ എന്നിവർക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഇവരുടെ ആരോഗ്യസ്ഥിതിക്ക് അനുസരിച്ച കിറ്റ് വിതരണം ചെയ്യുന്നതിന് ഡയറ്റീഷ്യന്റെ സേവനം അത്യാവശ്യമായതിനാലാണ് ഈ നിയമനം നടത്തിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. മാർഗ്ഗരേഖാ നിർദ്ദേശ പ്രകാരമല്ലാതെയുള്ള നിയമനത്തിനായി നൽകിയ 2400/- രൂപ തടസ്സപ്പെടുത്തുന്നു. പ്രോജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 29.10.2015-ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവിൻപ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കാതെ ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

# 1-25 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## -അവലോകനം

2018-19 വർഷത്തെ വാർഷിക പദ്ധതി പ്രകാരം ലേബർ ബജറ്റിൽ 182 പ്രവൃത്തികൾ നിർദേശിച്ചിരുന്നു. എന്നാൽ 135 പ്രവൃത്തികൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ.പുതുതായി രജിസ്റ്റർ ചെയ്ത 149 കുടുംബങ്ങൾ ഉൾപ്പെടെ ആകെ 2,689 കുടുംബങ്ങളാണ് ഈ വർഷം രജിസ്റ്റർചെയ്തിട്ടുള്ളത്. 1311 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 1207 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ ലഭിച്ചത്. 372 കുടുംബങ്ങൾക്ക് 100 ദിന തൊഴിൽ ലഭിച്ചിട്ടുണ്ട്. ആകെ 48,231 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തൊഴിൽ ലഭിക്കാത്തവർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടില്ല. തൊഴിലുറപ്പുമായി ബന്ധപ്പെട്ട് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല. 4 വാർഡുകളിൽ മാത്രമാണ് സോഷ്യൽ ഓഡിറ്റ് നടത്തിയത്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾപരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 8.7.2019മുതൽ11.7.2019വരെ | കെ.എസ്/.എ.കെ.എൻ.ആർ/ സി6/1314 / 19 തീയതി : 14.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 6,80,000 | നെൽകൃഷി വികസനം,2/19 | 4,19,696 | 2,60,304 തിരിച്ചടച്ചു |
| | 8,500 | തരിശുഭൂമിയിൽ പച്ചക്കറികൃഷി,4/19 | 8,500 | - |
| | 4,50,000 | പാലിന് സബ്സിഡി,12/19 | 4,50,000 | - |
| | 1,50,000 | സാന്ത്വന പരിചരണം,20/19 | 22,400 | 1,27,600 |
| | 15,79,685 | ലൈഫ് ഭവന പദ്ധതി,39/19 | 15,79,685 | - |
| | 4,00,000 | ശാരീരിക മാനസിക | 4,00,000 | - |

| | | | | |
|---|---|---|---|---|
| | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ,46/19 | | |
| | 6,47,685(മുന്നിരിപ്പ്) | മാലിന്യസംസ്കരണം ഷ്രെഡിംഗ് &ബെയിലിംഗ്, 132/19 | 6,47,685 | - |
| | 12,50,000 | വാതകശ്മശാനത്തിന് ചുറ്റുമതിൽ ,സ്റ്റെപ്പ്,സെക്യൂരിറ്റി,കേബിൻ, 150/19 | 0 | 12,50,000 |
| ആകെ | 51,65,870 (മുന്നിരിപ്പ് ഉൾപ്പെടെ) | | 35,27,966 | 13,77,600 |
| ജില്ലാ പഞ്ചായത്ത് | 2,50,000 | പാലിന് സബ്സിഡി,12/19 | 2,50,000 | 0 |
| | 1,50,000 | സാന്ത്വന പരിചരണം,20/19 | 20,000 | 1,30,000 |
| | 4,11,230 | ലൈഫ് ഭവന പദ്ധതി,39/19 | 4,11,230 | 0 |
| | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ,46/19 | 4,00,000 | 0 |
| ആകെ | 12,11,230 | | 10,81,230 | 15,07,600 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെപേര് | ബിൽ നമ്പർ/ .തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ ഡബ്ല്യുഎ | അങ്കണവാടികളിൽ കുടിവെള്ളസൗകര്യം ലഭ്യമാക്കൽ ,107/19 | 19.11.2018 | 1,72,000 | | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| | | 23/10.1.2019 | 15,130 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ 9,65,154/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രം. നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി (ലോൺ രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC/LIFE LOAN | ജി ഒ (എം എസ്) 68/2018 തീയതി 18/5/18 | 9,65,154 | 9,65,154 | 0 | 0 | 9,65,154 |

## 4-6 സ്ഥിര നിക്ഷേപം/ഇൻവെസ്റ്റ്മെന്റുകൾ

| | |
|---|---|
| വർഷാംരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം (ഷെയർ സർട്ടിഫിക്കറ്റ്) | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20,000 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (ഷെയർ സർട്ടിഫിക്കറ്റ്) | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ (ഷെയർ സർട്ടിഫിക്കറ്റ്) വിവരം താഴെ കൊടുക്കുന്നു

| ഇനം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി | 20,000 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,091 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3(6) | 1,091 | ശ്രീ.ഷാനവാസ് (ഡി ഡി പി) | 118010103532/ തീയതി 3.10.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2003-04 | 3.3.17 | മറ്റു പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2012-13 | 2-4 | ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 4.2.2 | മണൽ വാരൽ സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 4.2.6 | മണൽ വിൽപ്പനയിൽ നിന്നുള്ള വരവ് ചെലവ് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 4.2.12 | മണൽ വാരുന്ന തൊഴിലാളികൾ, വള്ളക്കാർ | പരാമർശം നിലനിൽക്കുന്നു |
| | | | |

| | | | |
|---|---|---|---|
| 2014-15 | 5.7.9 | മൃഗരോഗ ചികിൽസ, പ്രതിരോധം ആരോഗ്യ പരിപാലനം | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 5.7.11 | കുടുംബശ്രീ വനിതകൾക്ക് കറവപ്പശു (മാതൃക) | പരാമർശം നിലനിൽക്കുന്നു |

# 4-9 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,79,45,490.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,03,01,121.75 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹11,08,891 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,23,548 | ശ്രീ.ഗോകുൽകൃഷ്ണൻ .കെ.ജി (അസിസ്റ്റന്റ് എഞ്ചിനിയർ ) |
| 1-23 | 9,82,943 | ശ്രീ.അശോകൻ മലപ്പിലായി(സെക്രട്ടറി) |
| 1-24 | 2400 | ഡോ. ശ്വേത ബി. റാം (മെഡിക്കൽ ഓഫീസർ) |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ക്രമ നം | തുക | ഒടുക്കേണ്ട സ്ഥാപനം |
|---|---|---|
| 1-16 | 943 | എസ്.ജി.എസ്.ടി. വകുപ്പ് |
| 1-16 | 943 | സി.ജി.എസ്.ടി. വകുപ്പ് |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.ഗോകുൽകൃഷ്ണ .കെ.ജി | അസിസ്റ്റന്റ് എഞ്ചിനിയർ<br>പിഡബ്ല്യൂഡി സ്പെഷൽ സെക്ഷൻ നം -1<br>ജനറൽ ഹോസ്പിറ്റൽ കോമ്പൗണ്ട് -ആലപ്പുഴ<br>688011 | കളത്തിൽ<br>അരിനെല്ലൂർ സൗത്ത്<br>(പി ഒ)<br>കൊല്ലം-690538 |
| ശ്രീ.അശോകൻ മലപ്പിലായി(സെക്രട്ടറി) | സെക്രട്ടറി<br>തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് | അശ്വതി സദൻ<br>കരിയിൽ<br>നിർമ്മലഗിരി (പി ഒ) |
| ഡോ. ശ്വേത ബി. റാം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,<br>പൊതുവാച്ചേരി പി.ഒ.,<br>പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | ശ്വേതം,<br>ഈസ്റ്റ് തളാപ്പ്,<br>കണ്ണൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 3 |
| 1998-99 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 5 |
| 1990-00 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 4 |
| 2000-01(പദ്ധതി) | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 3 |
| 2000-01(പദ്ധതിഒഴികെ) | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 1 |
| 2001-02(പദ്ധതി) | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 1 |
| 2001-02(പദ്ധതിഒഴികെ) | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 1 |
| 2002-03 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 3 |
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 1 |
| 2004-05 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 3 |
| 2005-06 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 1 |
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 4 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ /849/2019 തീയതി 13.6.2019 | 12 |

| | | |
|---|---|---|
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ./കെ.എൻ.ആർ./സി.6/<br>/849/2019 തീയതി 13.6.2019 | 12 |
| 2011-12,2012-13 | കെ.എസ്.എ./കെ.എൻ.ആർ./സി.6/<br>/849/2019 തീയതി 13.6.2019 | 7 |
| 2013-14,<br>2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി.6/<br>/849/2019 തീയതി 13.6.2019 | 9 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി.6/<br>/849/2019 തീയതി 13.6.2019 | 7 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി.6/<br>/849/2019 തീയതി 13.6.2019 | 6 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി.6<br>/427/19 തീയതി 31.10.2019 | 6 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.എൻ.ആർ./സി.6/622/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി: 28.09.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും,22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Peralassery Gramapanchayat receipt & payment statement for the period from 01.04.2018 to 31.03.2019

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 7,690,067.75 |
| | Cash | RP-40(a) | 0.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,573,172.00 |
| 140000000 | Fees & User Charges | RP-4 | 586,354.00 |
| 150000000 | Sale & Hire Charges | RP-5 | 117,749.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42,513,635.00 |
| 171000000 | Interest Earned | RP-9 | 354,214.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8,175,598.00 |
| 350000000 | Other Liabilities | RP-36 | 240,547.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 91,986.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 29,200.00 |
| 330000000 | Secured Loans | RP-32 | 965,154.00 |
| 340000000 | Deposits Received | RP-34 | 179,775.00 |
| 350000000 | Other Liabilities | RP-36 | 259,222.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12,858,884.00 |
| Grand Total 75,635,557.75 | | | |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3,322,731.00 |
| 220000000 | Administrative Expenses | RP-12 | 1,840,609.00 |
| 230000000 | Operations & Maintenance | RP-13 | 2,557,716.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 6,294,890.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 16,322,405.00 |
| | | | |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 1,650,479.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 1,098,965.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 325,720.00 |
| 255000000 | Maintenance Projects | RP-20 | 8,693,129.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1,059,926.00 |
| 280000000 | Prior Period Item | RP-26 | -5,038.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 704,994.00 |
| 350000000 | Other Liabilities | RP-36 | 4,247,930.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 762.00 |
| 280000000 | Prior Period Item | RP-26 | -28,088.00 |
| 340000000 | Deposits Received | RP-34 | 101,000.00 |
| 350000000 | Other Liabilities | RP-36 | 2,547,318.00 |
| 410000000 | Fixed Assets | RP-38 | 4,472,382.00 |
| 412000000 | Capital Work In Progress | RP-40 | 4,503,806.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.00 |
| 440000000 | Pre-paid Expenses | RP-45 | 0.00 |
| 460000000 | Loans, Advances and Deposits | RP-47 | 589,485.00 |
| | Closing Balance | | |
| | Bank | RP-40(b) | 15,334,436.75 |
| | Cash | RP-40(b) | 0.00 |
| Grand Total | | | 75,635,557.75 |

## അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 5,202,423.00 |
| 130000000 | Rental Income from Panchayat Properties | I-3 | 411,864.00 |

| | | | |
|---|---|---|---|
| 140000000 | Fees & User Charges | I-4(b) | 867,354.00 |
| 150000000 | Sale & Hire Charges | I-5(b) | 117,749.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 126,111,325.00 |
| 171000000 | Interest Earned | I-8 | 354,214.00 |
| A | Total-Income | | 133,064,929.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 10,322,936.00 |
| 220000000 | Administrative Expenses | I-11(b) | 1,840,609.00 |
| 230000000 | Operations & Maintenance | I-12(b) | 2,579,382.00 |
| 240000000 | Interest & Finance Charges | I-13 | 762.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 9,586,262.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 31,614,050.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1,650,479.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 1,098,965.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 55,851,320.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 8,693,129.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 65,439.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 1,059,926.00 |
| 270000000 | Provisions and Write off | I-16 | 1,771.00 |
| 272000000 | Depreciation | I-17(a) | 6,225,529.00 |
| B | Total-Expenditure | | 130,590,559.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | 2,474,370.00 |
| D= 280000000 | Prior Period Item | I-18 | 460,975.00 |
| E = C-D | Gross Surplus/Deficit of Income over Expenditure | | 2,013,395.00 |

| | | | |
|---|---|---|---|
| 290000000 | after prior period items<br>Transfer to Reserve Funds | | |
| | Net Balance being surplus/deficit carried over to Balance sheet (Panchayat Fund) | | |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

Peralasseri Gramapanchayat(0497 2827425)

BALANCE SHEET As on 31-March-2019

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | LIABILITIES<br>Reserve& Surplus<br>Muncipal (General) Fund [Code No 310] | B-1 | 346373.75 |
| 311000000 | Earmarked Funds | B-2 | 41105.00 |
| 312000000 | Reserves | B-3 | 42027110.00 |
| | Total Reserve& Surplus | | 42414588.75 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 3650554.00 |
| | Total Grants,Contributions for specific purposes | | 3650554.00 |
| 330000000 | Loans<br>Secured Loans | B-5 | 965154.00 |
| | Total Loans | | 965154.00 |
| 340000000 | Current Liabilities and Provisions<br>Deposits Received | B-7 | 576438.00 |
| 350000000 | Other Liabilities | B-9 | 1415559.00 |
| | Total Current Liabilities and Provisions | | 1991997.00 |
| 410000000 | TOTAL LIABILITIES | B-11 | 49022293.75 |
| | ASSETS | | |
| | Fixed Assets | | |
| | Fixed Assets | | 61133321.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | (29424945.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 31708376.00 |
| 420000000 | Investments<br>Investments | B-12 | 20000.00 |
| | Total Investments | | 20000.00 |
| 431000000 | Current Assets,Loans and Advances<br>Sundry Debtors (Receivables) | B-15 | 0.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 15334436.75 |
| 460000000 | Loans, Advances and Deposits | B-18 | 1959481.00 |
| | Total Current Assets,Loans and Advances | | 17293917.75 |
| | TOTAL ASSETS | | 49022293.75 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.